നം:ICDS.B1-4295/17(3)

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 24.08.17.

## <u>പരിപത്രം</u>

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് മിഷൻ - അങ്കണവാടികളുടെ സോഷ്യൽ ഓഡിറ്റ് - വിശദാംശങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തെ 33115 അങ്കണവാടികളേയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നു വരുന്നു. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിലാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. അടുത്ത ഘട്ടത്തിൽ അവശേഷിക്കുന്ന അങ്കണവാടികളിൽ പൂർണ്ണമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലേക്കുള്ള ഫണ്ട് അനുവദിക്കുന്നതിലേക്കും താങ്കളുടെ ജില്ലയിലെ ഐസിഡിഎസ് പ്രോജക്ടിന് കീഴിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, അവയിലെ വാർഡുകളുടെ എണ്ണം ചുവടെ പറയുന്ന ഫോർമാറ്റിൽ തയ്യാറാക്കി ശിശു വികസന പദ്ധതി ഓഫീസർമാർ 30.8.17ന് മുമ്പായി പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർനൽകുന്ന റിപ്പോർട്ട് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ കൺസോളിഡേറ്റ് ചെയ്ത് 2.9.17 തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിലേയ്ക്ക് e-mail ചെയ്യേണ്ടതാണ്. സമയപരിധി കൃത്യമായും പാലിക്കേണ്ടതാണ്. പ്രൊഫോർമ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ICDS പ്രോജക്ടിന്റെ പേര് | പ്രോജക്ട് പരിധിയിൽ വരുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ന്റെ പേര് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡുകളുടെ എണ്ണം (കോർപ്പറേഷന്റെ വാർഡ് നം. വ്യക്തമാക്കണം) |
|---|---|---|---|---|
| | | | | |

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

S 26-Aug-17